**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ഇടുക്കി ജില്ല — ഉപ്പുതറ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. പി. ഇന്ദിരയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കുര്യാക്കോസ് കെ.വി.യെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.570/2019/തസ്വഭവ　　　　　　　　　തീയതി, തിരുവനന്തപുരം, 08.03.2019

==================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 30.09.2016-ലെ ഡി8-32202/15 നമ്പർ കുറ്റാരോപണ മെമ്മോ

2. പഞ്ചായത്ത് ഡയറക്ടറുടെ 27.10.2017-ലെ ഡി8-32202/15 നമ്പർ കത്ത്
3. പഞ്ചായത്ത് ഡയറക്ടറുടെ 15.11.2017-ലെ ഡി8-32202/15 നമ്പർ നടപടിക്രമങ്ങൾ
4. സർക്കാരിന്റെ 04.07.2018-ലെ 295/ഇപിബി2/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
5. ശ്രീമതി. പി. ഇന്ദിര, ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 1512/18-മേൽ ബഹു. ട്രിബ്യൂണൽ പുറപ്പെടുവിച്ച 28.09.2018-ലെ വിധിന്യായം
6. ശ്രീമതി. പി. ഇന്ദിര സമർപ്പിച്ച 04.10.2018-ലെ പ്രതിവാദ പത്രിക

**ഉത്തരവ്**

ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്തിൽ 2014-15 വർഷത്തെ പദ്ധതി രൂപീകരണ (പ്രോജ.നം.01/2015) പ്രോജക്ടും അനുബന്ധരേഖകളും ഗ്രാമപഞ്ചായത്ത് ഓഫീസിൽ നിന്ന് നഷ്ടപ്പെട്ടതായി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പഞ്ചായത്ത് ഡയറക്ടർക്ക് പരാതി നൽകിയതിനെത്തുടർന്ന് ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായ ശ്രീമതി. പി. ഇന്ദിരയ്ക്ക് ചുവടെ പറയുന്ന കുറ്റങ്ങൾ പരാമർശിച്ച് പരാമർശം (1) പ്രകാരം കുറ്റാരോപണ മെമ്മോ നൽകി പഞ്ചായത്ത് ഡയറക്ടർ അച്ചടക്കനടപടി ആരംഭിക്കുകയുണ്ടായി.

1. ശ്രീമതി. ഇന്ദിര 19.08.2014 മുതൽ 20.07.2015 വരെ ഉപ്പുതറഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി സേവനം ചെയ്ത സമയത്ത് പദ്ധതി നിർവ്വഹണ ചെലവിൽ ഉൾപ്പെടുത്തി വണ്ടി വാടകയിനത്തിൽ 11600/- രൂപ ടിയാരിയുടെ മകന്റെ പേരിൽ ട്രിപ്പ് ഷീറ്റ് നൽകി മാറി എടുത്തതായ നടപടി ക്രമവിരുദ്ധമാണ്.
2. ഉപ്പുതറ പാലം ജംഗ്ഷൻ മുതൽ എസ്.എൻ.ഡി.പി. ജംഗ്ഷൻ വരെ ഓട ക്ലീനിംഗ് നടത്തിയത് എൽ.എസ്.ജി.ഡി. ഓവർസിയറുടെ എസ്റ്റിമേറ്റും, സാക്ഷ്യപ്പെടുത്തലും ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇല്ലാത്തതുമായ നടപടിയിൽ വീഴ്ച സംഭവിച്ചിരിക്കുന്നു.
3. ക്രമ നമ്പർ 1,2 ചെലവുകൾ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ തീരുമാനമില്ലാതെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ അറിവോടും അല്ലാതെ ചെയ്തതിനെ ചൊല്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രേഖാമൂലം പരാതി നൽകുന്നതിന് ഇടയാക്കിയ സംഭവം ടിയാരിയുടെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയായി കണക്കാക്കുന്നു.
4. ശ്രീമതി. ഇന്ദിര സെക്രട്ടറിയായിരുന്ന കാലയളവിൽ ഗ്രാമപഞ്ചായത്തിൽ അഭ്യന്തര നിയന്ത്രണത്തിന്റെ അഭാവം ഉണ്ടാവുകയും പഞ്ചായത്തിന്റെ പ്രവർത്തനത്തിൽ ഏകോപനവും ഐക്യവും പ്രകടമാവാത്തതും ടിയാരിയുടെ വീഴ്ചയായി കണക്കാക്കുന്നു.

തുടർന്ന് സെക്രട്ടറി എന്ന നിലയിൽ ഗ്രാമപഞ്ചായത്ത് ജീവനക്കാർക്കിടയിൽ ഏകോപനം ഉണ്ടാക്കുന്നതിൽ വീഴ്ച വരുത്തുകയും ഗ്രാമപഞ്ചായത്തിലെ ഫയലിംഗ് സംവിധാനത്തിൽ മന:പൂർവ്വവും ബോധപൂർവ്വവുമായ അലംഭാവം കാട്ടി ഫയലുകൾ സ്വന്തം കൈവശം വച്ച് സെക്ഷനുകളിൽ നല്കാതെ നടപടികൾ ക്രമപ്രകാരവും ചട്ടപ്രകാരമല്ലാതെയും കൈകാര്യം ചെയ്യുക വഴി വ്യാപകമായ വീഴ്ചകൾ ഉണ്ടായിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർക്ക് ബോദ്ധ്യപ്പെടുകയും സെക്രട്ടറി ശ്രീമതി. പി. ഇന്ദിരയ്ക്കെതിരെ ശിക്ഷാനടപടികൾ തുടർന്ന് വരവേ ശ്രീമതി. പി. ഇന്ദിര 31.05.2017-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ പഞ്ചായത്ത് ഡയറക്ടർ തലത്തിൽ സ്വീകരിച്ചു വന്ന അച്ചടക്ക നടപടി പരാമർശം (2) നടപടിക്രമങ്ങൾ പ്രകാരം തീർപ്പാക്കി ശ്രീമതി. ഇന്ദിരയ്ക്കെതിരെ കെ.എസ്.ആർ. പാർട്ട് III റൂൾ 3 പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. ഇന്ദിരക്കെതിരെ കെ.എസ്.ആർ. പാർട്ട് III റൂൾ 3(എ) പ്രകാരം പരാമർശം (4) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്കനടപടി ആരംഭിച്ചു. തുടർന്ന് ശ്രീമതി. ഇന്ദിര ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. (ഇകെഎം) 1512/18-മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച വിധിന്യായത്തിൽ, കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. ഇന്ദിര വിശദീകരണം സമർപ്പിക്കുമെന്നും അപ്രകാരം വിശദീകരണം ലഭിച്ച് 2 മാസത്തിനുള്ളിൽ അച്ചടക്ക നടപടി തീർപ്പാക്കണമെന്നും നിർദ്ദേശിക്കുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീമതി. ഇന്ദിര പരാമർശം (6) പ്രകാരം സർക്കാരിലേക്ക് നേരിട്ട് സമർപ്പിച്ച പ്രതിവാദപത്രിക 09.10.2018-ൽ ലഭ്യമായിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രതിവാദ പത്രിക പഞ്ചായത്ത് ഡയറക്ടർ മുഖേന ഉചിതമാർഗ്ഗേന നാളിതുവരെയും സർക്കാരിൽ ലഭ്യമായിട്ടില്ല.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി. ഇന്ദിരയ്ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി അച്ചടക്ക നടപടി സ്വീകരിച്ചിരിക്കുന്നതിനാൽ ശ്രീമതി. ഇന്ദിരയ്ക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ ഉപ്പുതറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. പി. ഇന്ദിരയ്ക്കെതിരായ ആരോപണങ്ങളിന്മേൽ ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ഇടുക്കി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചാർജ്ജ് വഹിക്കുന്ന ഇടുക്കി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. കുര്യാക്കോസ് കെ.വി.യെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്. മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

1. ശ്രീ. കുര്യാക്കോസ് കെ.വി, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ഇടുക്കി
   (പരാമർശം 3, 4, 6 എന്നിവയുടെ പകർപ്പുകൾ സഹിതം)
2. ശ്രീമതി. പി. ഇന്ദിര, മുൻ സെക്രട്ടറി, ഉപ്പുതറ ഗ്രാമപഞ്ചായത്ത്
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/295/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ